ഫാ. ഡോ. കെ. എം. ജോർജ്

പുരാതന റോമാസാമ്രാജ്യത്തിലെ തദ്ദേശീയ സഭകൾ ആ സാമ്രാജ്യത്തിന്റെ പ്രത്യേക അപ്പോസ്തോലന്മാരായി കരുതുന്ന പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായി ശ്ലീഹാ നോമ്പ് ആചരിക്കുന്നതുപോലെ, ഭാരതസഭയുടെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുനാളായ ജൂലൈ 3-ന് അവസാനിക്കത്തക്കവിധം, ശ്ലീഹാ നോമ്പിന്റെ തീയതികൾ മാറ്റാൻ മലങ്കര ഓർത്തഡോക്സ് സഭ നടപടി സ്വീകരിക്കുന്നത് നന്നായിരിക്കും.

# ശ്ലീഹാ നോമ്പും, മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോയും ഒരു നിർദ്ദേശം

'ശ്ലീഹന്മാരുടെ നോമ്പ്' എന്നറിയപ്പെടുന്ന പതിമൂന്ന് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന പുരാതനമായ കാനോനിക നോമ്പ്, ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച്, ജൂൺ 13 മുതൽ 29 വരെയാണ് നാം ഇപ്പോൾ ആചരിക്കുന്നത്. അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിൽ നിന്ന് മലങ്കരസഭ സ്വീകരിച്ച അഞ്ച് കാനോനിക നോമ്പുകളിൽപ്പെട്ട ശ്ലീഹാനോമ്പ്, കർത്താവിന്റെ ആദ്യത്തെ പന്ത്രണ്ട് ശ്ലീഹന്മാരുടെയും പതിമൂന്നാമനായ പൗലോസ് ശ്ലീഹായുടെയും ബഹുമാനാർത്ഥമാണ്. എന്നാൽ നോമ്പവസാനിക്കുന്ന ജൂൺ 29-ാം തീയതി പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ (ദുക്റോനോ) പെരുനാളാണ്. ജൂൺ 30-ന് ശ്ലീഹന്മാരെ പൊതുവായി അനുസ്മരിച്ച് പള്ളിയിൽ വി. കുർബ്ബാന നടത്തുകയും ചെയ്യുന്നു.

റോമാസാമ്രാജ്യത്തിനുള്ളിലെ പുരാതന സഭകളിലാണ് ഈ നോമ്പ് ആരംഭിച്ചത്. സാമ്രാജ്യത്തിന്റെ ആദ്യ തലസ്ഥാനമായിരുന്ന റോമിലാണ് വിശുദ്ധ പത്രോസിന്റെയും വി. പൗലോസിന്റെയും കബറിടങ്ങൾ. റോമിൽ വച്ചാണ് അവർ രണ്ടുപേരും രക്തസാക്ഷിത്വ മരണം പ്രാപിച്ചത് എന്നാണല്ലോ പാരമ്പര്യം. അതുകൊണ്ട് റോമാ നഗരം കേന്ദ്രമാക്കി വളർന്ന തദ്ദേശീയ റോമാ സഭ (local church)യെ സംബന്ധിച്ചിടത്തോളം പത്രോസ്-പൗലോസ് ശ്ലീഹന്മാർ അവരുടെ പ്രത്യേക അപ്പോസ്തലന്മാരാണ്. പൊതുവായി പറഞ്ഞാൽ റോമാ സാമ്രാജ്യത്തിലുള്ള നാല് പുരാതന സഭകൾ, അതായത് റോമൻ കത്തോലിക്കാസഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭ, ഈജിപ്തിലെ കോപ്റ്റിക് സഭ, അന്ത്യോഖ്യയിലെ സുറിയാനി സഭ എന്നിവ, പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ദുക്റോനോ പെരുന്നാളും അതിനു മുമ്പായി വരുന്ന നോമ്പും സ്വീകരിച്ചു. (നോമ്പിന്റെ തീയതിയും ദിവസങ്ങളും സംബന്ധിച്ച് ഏകീകരണമില്ല. കോപ്റ്റിക് സഭയിൽ 15 ദിവസം മുതൽ 49 ദിവസങ്ങൾ വരെ നോമ്പുവരാം. പെന്തിക്കോസ്തി ഞായറാഴ്ചക്കു ശേഷം വരുന്ന ഞായർ മുതൽ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ പെരുനാളായ ജൂലൈ 12 വരെയാണ് കോപ്റ്റിക് സഭയിലെ നോമ്പാചാരം. ഉയിർപ്പിന്റെ തീയതി മാറുന്നതനുസരിച്ച് ശ്ലീഹാ നോമ്പിന്റെ ആരംഭദിനവും മാറും).

എന്നാൽ, പിന്നീട് ഉണ്ടായ സാമ്രാജ്യ തലസ്ഥാനമായ കുസ്തന്തീനോപ്പോലീസ് (Constantinople) കേന്ദ്രമാക്കിയ ഗ്രീക്ക് ഓർത്തഡോക്സ് സഭ അതിന്റെ പ്രത്യേക അപ്പോസ്തലനായി വി. അന്ത്രയോസിനെയാണ് പരിഗണിക്കുന്നത്. വി. പത്രോസിന്റെ സഹോദരനായ അന്ത്രയോസിനെയാണല്ലോ, യേശുക്രിസ്തു ആദ്യം വിളിക്കുന്നത്. അദ്ദേഹത്തിന്റെ ദുക്റോനോ പെരുന്നാൾ നവംബർ 30 ആണ്.

അതുപോലെതന്നെ, പുരാതനമായ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ പ്രത്യേക സ്ഥാപകനായി കരുതപ്പെടുന്നത്, എവൻഗേലിസ്ഥനായ വി. മർക്കോസാണ്. അദ്ദേഹത്തിന്റെ ദുക്റോനോ പെരുന്നാൾ ഏപ്രിൽ 25-നാണ്.

അന്ത്യോഖ്യൻ സുറിയാനി സഭയ്ക്ക് ഈ പ്രശ്നം ഉദിക്കുന്നില്ല. കാരണം, അതിന്റെ പ്രത്യേക അപ്പോസ്തലനായി കരുതപ്പെടുന്നത് വി. പത്രോസാണ്. അതുകൊണ്ട് ജൂൺ 29 തന്നെ സുറിയാനി സഭയുടെ സ്ഥാപക അപ്പോസ്തോലന്റെ ദുക്റോനോ പെരുന്നാളായി അവർ ആഘോഷിക്കുന്നു.

മുകളിൽ പറഞ്ഞ നാലു സഭകളും റോമാസാമ്രാജ്യത്തിനുള്ളിലെ തദ്ദേശീയ സഭകൾ (local churches) ആണ്. ഭാഷയിലും, സംസ്കാരത്തിലും ആചാരങ്ങളിലും ആരാധനയിലുമെല്ലാം വളരെ വൈവിധ്യം അവയ്ക്കുണ്ട്. എങ്കിലും അവയെല്ലാം റോമാ സാമ്രാജ്യത്തിന്റെ രാഷ്ട്രീയ ചട്ടക്കൂട്ടിനുള്ളിൽ ആയിരുന്നു. ഓരോ തദ്ദേശീയ സഭയുടെയും തനിമയുടെ പ്രതീകമായിട്ടാണ് വി.

പത്രോസ്, വി. അന്ത്രയോസ്, വി. മർക്കോസ്, എന്നിവരുടെ ഓർമ്മ പെരുന്നാളുകൾ അതാത് സഭകൾ ആചരിക്കുന്നത്. അതേ സമയം, റോമാ സാമ്രാജ്യത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ച അപ്പോസ്തോല പ്രമുഖരായ പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ പെരുനാൾ പൊതുവായി ആഘോഷിക്കുകയും ചെയ്യുന്നു.

റോമാസാമ്രാജ്യത്തിന് പുറത്തുണ്ടായിരുന്ന പേർഷ്യൻ, എത്യോപ്യൻ, അർമ്മീനിയൻ, മലങ്കര, തുടങ്ങിയ സഭകളുടെ കാര്യം വ്യത്യസ്ഥമാണ്. റോമൻ സാമ്രാജ്യസഭകളുടെ പാരമ്പര്യങ്ങൾ അപ്പാടെ ഈ സഭകൾ അനുകരിക്കേണ്ട ആവശ്യമില്ല.

മലങ്കരസഭയുടെ കാര്യമെടുക്കാം: നമ്മുടെ സഭയുടെ സ്ഥാപക പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ നാം ജൂലൈ 3-ന് ആണല്ലോ ആചരിക്കുന്നത്. ഇതും പാശ്ചാത്യ ഗ്രീഗോറിയൻ കലണ്ടർ അനുസരിച്ചാണ് (ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഇൻഡ്യയിൽ നിന്നും എഡേസ്സായിലേക്ക് കൊണ്ടുപോയ ജൂലൈ 3 ആണോ, ശ്ലീഹാ രക്തസാക്ഷിയായി മരിച്ച ഡിസംബർ 21 ആണോ ഭാരതസഭ പ്രധാന ദുക്റോനോ പെരുനാൾ ആയി ആചരിക്കേണ്ടത് എന്ന പ്രസക്തമായ ചോദ്യം നിലവിലുണ്ട്. അതിലേക്ക് ഇപ്പോൾ കടക്കുന്നില്ല).

ജൂലൈ മൂന്ന് മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും ദുക്റോനോ ആയി കരുതുകയും സർക്കാർ അവധി നൽകുകയും ചെയ്തതു കൊണ്ട് ഇനി ഉടനെ അത് മാറുന്നത് എളുപ്പമല്ല.

**നിർദ്ദേശം**

പുരാതന റോമാസാമ്രാജ്യത്തിലെ തദ്ദേശീയ സഭകൾ ആ സാമ്രാജ്യത്തിന്റെ പ്രത്യേക അപ്പോസ്തോലന്മാരായി കരുതുന്ന പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായി ശ്ലീഹാ നോമ്പ് ആചരിക്കുന്നതുപോലെ, ഭാരതസഭയുടെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുനാളായ ജൂലൈ 3-ന് അവസാനിക്കത്തക്കവിധം, ശ്ലീഹാ നോമ്പിന്റെ തീയതികൾ മാറ്റാൻ മലങ്കര ഓർത്തഡോക്സ് സഭ നടപടി സ്വീകരിക്കുന്നത് നന്നായിരിക്കും. അതായത് ജൂൺ 30-ന് ശ്ലീഹാ നോമ്പ് ആരംഭിക്കുകയും ജൂലൈ 3-ന് മാർത്തോമ്മാ ശ്ലീഹായുടെ പെരുനാളിൽ നോമ്പ് അവസാനിക്കുകയും ചെയ്യണം. ജൂലൈ 4-ന് പത്രോസ് പൗലോസ് ശ്ലീഹന്മാരെയും എല്ലാ അപ്പോസ്തോലന്മാരെയും ഓർക്കാം.

ഇങ്ങനെ ചെയ്താൽ, ഭാരതത്തിലെ തദ്ദേശീയസഭയായ മലങ്കര സഭയുടെ അപ്പോസ്തലനെ പ്രത്യേകമായി ബഹുമാനിക്കുന്നതിനും സഭയുടെ തനിമയും ഏഷ്യയിലെ മിഷണറി ദൗത്യവും കൂടുതൽ വ്യക്തമാക്കുന്നതിനും, ശ്ലീഹാ നോമ്പ് മാദ്ധ്യമമായിത്തീരും. മലങ്കര ഓർത്തഡോക്സ് സഭയുടെ പ. സുന്നഹദോസിന് ഈ തീയതി മാറ്റം നടപ്പിലാക്കാൻ കാനോനികമായ അധികാരമുണ്ട്. ഇൻഡ്യയിൽ കാതോലിക്കേറ്റിന്റെ നൂറാം വാർഷികമായ 2012-ന് മുൻപ് ഇങ്ങനെയൊരു മാറ്റത്തെക്കുറിച്ച് ചിന്തിക്കുന്നത് നന്നായിരിക്കും.

## 2009 ഓഗസ്റ്റ് സുന്നഹദോസ് നിശ്ചയങ്ങൾ

1. നരിയാപുരം വൈദിക സദനത്തിന്റെ ചുമതല അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായ്ക്ക് നൽകി.
2. മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രം, ആരാധനാ ക്രമം ഇവയെ സംബന്ധിച്ച പഠനങ്ങൾക്കായി സഭയിലെ രണ്ട് വൈദിക സെമിനാരികളുടേയും സഹകരണത്തോടെ ഒരു ചരിത്രഗവേഷണ കേന്ദ്രം ആരംഭിക്കുന്നതാണ്.
3. ബി - ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടേയും സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും 2008 - 2009 വർഷത്തെ കണക്കുകൾ പാസ്സാക്കി.
4. മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു ഗൈഡൻസ് സെന്ററും, തിരുവല്ലയിൽ ഒരു ഓർത്തഡോക്സ് സെന്ററും തുടങ്ങുന്നതാണ്.
5. എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നിർവ്വാഹകസമിതി, കോട്ടയം വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് എന്നിവ പുനസംഘടിപ്പിച്ചു.
6. സഭയ്ക്കാവശ്യമായ ഏഴ് മെത്രാപ്പോലീത്താമാരെക്കൂടി തെരഞ്ഞെടുക്കുന്നതിന് 2010 ഫെബ്രുവരി മാസത്തിൽ മലങ്കര അസ്സോസിയേഷൻ യോഗം കൂടുന്നതിനും ധാരണയായി.
7. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചു.
8. കോട്ടയം വൈദിക സെമിനാരിയിലെ അവസാന വർഷ വിദ്യാർത്ഥികളുടെ പട്ടംകൊട ശുശ്രൂഷ കേരളത്തിൽ 3 കേന്ദ്രങ്ങളിലായി നടത്തുന്നതിന് നിശ്ചയിച്ചു.
9. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ സഭാ സേവനങ്ങളെ മുൻനിർത്തി സഭാ തേജസ്സ് എന്ന സ്ഥാനനാമം നൽകുന്നതിന് തീരുമാനമായി.
10. പരിശുദ്ധ സുന്നഹദോസിനുവേണ്ടി പഴയ സെമിനാരിയിൽ ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന സമ്മേളന ഹാൾ സമുച്ചയത്തിന്റെ പ്ലാൻ അംഗീകരിച്ചു.
11. വിശുദ്ധ കുർബ്ബാനയിൽ പ്രധാന കാർമ്മികനോടൊപ്പം മറ്റുള്ളവരും അംശവസ്ത്രം ധരിച്ചുനിന്ന് പ്രാർത്ഥനകൾ ചൊല്ലുന്ന രീതി അനുവദിക്കാവുന്നതാണ് എന്ന് തീരുമാനിച്ചു.
12. ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിന്റെ മുഖ്യചുമതലയിൽ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.
13. 2010 - ലെ ഹാശാ ശുശ്രൂഷകൾക്ക് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ കോട്ടയം പഴയ സെമിനാരിയിലും, അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ പരുമല സെമിനാരിയിലും നേതൃത്വം നൽകുന്നതാണ്.
14. മെത്രാപ്പോലീത്താമാർക്കായി ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽവച്ച് മൂന്നു ദിവസത്തെ ധ്യാനം ക്രമീകരിക്കുന്നതിന് നിശ്ചയിച്ചു.
15. റാന്നി പെരുന്നാട് ആശ്രമം, ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം എന്നിവയ്ക്ക് വിസിറ്റർ ബിഷപ്പുമാരെ നിയമിച്ചു.
16. ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡണ്ടായി അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.